ആരെയും ഇത് ബാധിക്കുന്നതല്ല. അവരുടെ പ്രൊമോഷൻ മുമ്പ് നൽകിയിരുന്ന അനുപാതമനുസരിച്ച് തന്നെ നൽകിവരുന്നുണ്ട്. സബ്മിഷനിൽ പറയുന്നതുപോലെ ഈ ഉത്തരവിന്റെ ഫലമായി അച്ചടി വകുപ്പിലെ പല മേഖലകളിലും പ്രവൃത്തിയെടുക്കുന്ന ജീവനക്കാരെ ആനുപാതികമായി കുറയ്ക്കേണ്ടിവരുമെന്ന വാദം ശരിയല്ല. ആധുനികവൽക്കരണത്തിന്റെ ഭാഗമായി പ്രസ്സുകളുടെ ഉൽപ്പാദനക്ഷമത കൂടുകയാണ് ചെയ്യുന്നത്. അതിന്റെ ഫലമായി അച്ചടിവകുപ്പ് കൂടുതൽ വികസിക്കുകയാണ് ചെയ്യുന്നത്. എന്നിരുന്നാലും ജീവനക്കാർക്ക് ഇതിൽ ഉൾക്കണ്ഠ ഉണ്ടായിട്ടുണ്ടെന്നകാര്യം സർക്കാർ മനസ്സിലാക്കുന്നു. അതിനാൽ ഇക്കാര്യം അച്ചടി വകുപ്പിലെ അംഗീകൃത സംഘടനാ പ്രതിനിധികളുമായി 29.6.99-ന് ഉന്നതവിദ്യാഭ്യാസ വകുപ്പു സെക്രട്ടറി ചർച്ച ചെയ്യുന്നതാണ്. എന്തെങ്കിലും ബുദ്ധിമുട്ട് ഉണ്ടായിട്ടുണ്ടെങ്കിൽ അക്കാര്യം പരിശോധിച്ച് ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണ്. അതുപോലെ മണ്ണന്തല പ്രസ്സിൽ രണ്ടാമത്തെ ഷിഫ്റ്റ് നടപ്പിലാക്കുന്ന കാര്യം സർക്കാരിന്റെ സജീവ പരിഗണനയിലാണ്. മെമ്പർ ഉദ്ദേശിക്കുന്ന നിലയിൽ ആശങ്കയ്ക്ക് അവകാശമില്ല.

(5) കൊട്ടിയൂർ ബോയിസ് ഠൗൺ റോഡിന്റെ പണി

<u>ശ്രീമതി രാധാ രാഘവൻ</u> : സർ, എന്റെ നിയോജകമണ്ഡലത്തിലെ പ്രധാനപ്പെട്ട എം.എൽ.എ. റോഡാണ് കൊട്ടിയൂർ ബോയിസ് ഠൗൺ റോഡ്. വർഷങ്ങളായി പൂർത്തീകരണം കാത്തുകിടക്കുന്ന ഈ മലയോര പാത തലശ്ശേരിയിൽനിന്നും നെടുമ്പൂർ വഴി മാനന്തവാടിയിലേയ്ക്കുള്ള ഒരു ബൈപാസ് കൂടിയാണ്. 265 ലക്ഷം രൂപ എസ്റ്റിമേറ്റുള്ള ഈ റോഡിന്റെ പ്രവർത്തനത്തിൽ ഇനി ഉദ്ദേശം 3 കി.മി. ദൂരം കൂടിയേ പൂർത്തീകരിക്കാനുള്ളൂ. കഴിഞ്ഞ സാമ്പത്തിക വർഷം 10 ലക്ഷം രൂപ ഇതിന് വകയിരുത്തിയിരുന്നു. പ്രവൃത്തി ടെണ്ടർ ചെയ്യുന്നതിന് ഈ തുക അപര്യാപ്തമായിരുന്നു. ഈ വർഷത്തെ ബഡ്ജറ്റിൽ നാല് ലക്ഷം രൂപയാണ് വകയിരുത്തിയിട്ടുള്ളത്. ഈ റോഡിന്റെ വർക്ക് പൂർത്തീകരിക്കുന്നതിനും ഇത് യഥാർത്ഥ്യമാക്കുന്നതിനും 53 ലക്ഷം രൂപ വേണ്ടിയിരിക്കുന്നു. മതിയായ തുക വകയിരുത്തി ഇതിന്റെ നിർമ്മാണപ്രവർത്തനം നടത്തുന്നതിന് നടപടികൾ സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി (<u>ശ്രീ. പി.ജെ. ജോസഫ്</u>) : സർ, എം.എൽ.എ. റോഡ് പദ്ധതിയിൽ ഉൾപ്പെടുത്തി ആരംഭിച്ച കൊട്ടിയൂർ ബോയിസ് ഠൗൺ റോഡിന്റെ ആദ്യത്തെ മൂന്നു കിലോമീറ്റർ പണി പൂർത്തിയായിട്ടുണ്ട്. മൊത്തം 7.5 കിലോമീറ്റർ നീളം വരുന്ന ഈ റോഡിന്റെ മൂന്നു മുതൽ 4.9 കിലോമീറ്റർ വരെയുള്ള റീച്ചിന് ആണ് ഇപ്പോൾ ഭരണാനുമതി നൽകിയിട്ടുള്ളത്. ഇതിനാവശ്യമായിട്ടുള്ള തുക ബഡ്ജറ്റിലില്ല. ബഡ്ജറ്റിൽ തുക ഉൾപ്പെടുത്തുന്ന മുറയ്ക്ക് മറ്റ് നടപടികൾ സ്വീകരിക്കുന്നതാണ്. 4.9 മുതൽ 7.5 കിലോമീറ്റർ വരെയുള്ള റോഡിന് ആവശ്യമായ സ്ഥലം ലഭ്യമാകുന്ന മുറയ്ക്ക് എസ്റ്റിമേറ്റ് തയ്യാറാക്കി പ്രസ്തുത പണികൾ ഏറ്റെടുക്കുന്നതാണ്.

(6) കേരളാ ഗസറ്റഡ് ആഫീസേഴ്സ് അസോസിയേഷന്റെ സെക്രട്ടേറിയറ്റ് ധർണ്ണ

<u>ശ്രീ. ടി.കെ. ബാലൻ</u> : സർ, ദേശീയാടിസ്ഥാനത്തിലുള്ള വിദ്യാഭ്യാസ സമ്പ്രദായത്തിന്റെ ചുവടുപിടിച്ചുകൊണ്ട് കേരളത്തിൽ പ്ലസ് ടൂ നടപ്പിലാക്കാൻ നയപരമായി ഗവൺമെന്റ് തീരുമാനിച്ച് കഴിഞ്ഞ മൂന്നു വർഷക്കാല

LIBRARY ARCHIVES Kerala Legislative Assembly

മായി അത് നടപ്പിലാക്കിവരുകയാണ്. അവിടെ ജോലിയെടുക്കുന്ന അദ്ധ്യാപകരെ സംബന്ധിച്ചിടത്തോളം വളരെ പ്രധാനപ്പെട്ട പ്രശ്നം ഇതുമായി ബന്ധപ്പെട്ട് വന്നിരിക്കുകയാണ്. പോസ്റ്റ് ഗ്രാഡ്യുവേഷനുള്ള ഹൈസ്കൂൾ അദ്ധ്യാപകർക്ക് പ്രൊമോഷൻ നൽകി പ്ലസ് ടു-വിൽ നിയമിച്ചുവെങ്കിൽപ്പോലും അവരുടെ ഹൈസ്കൂളിലുള്ള സർവ്വീസ് കണക്കിലെടുക്കാത്തതുകൊണ്ട്, അവർക്ക് സാമ്പത്തിക നഷ്ടം വരുന്നു. അവർക്ക് നൽകിയിട്ടുള്ള സ്പെഷ്യൽ അലവൻസ് നിർത്തലാക്കി; മറ്റ് അക്കാഡമിക്കായിട്ടുള്ള സൗകര്യങ്ങൾ ഇല്ലാതാക്കി; പരീക്ഷാ ജോലികൾക്ക് മറ്റ് മേഖലകളിൽ നൽകുന്ന ആനുകൂല്യങ്ങൾ നിർത്തലാക്കി. പ്രത്യേക ഫാക്കൾട്ടി രൂപീകരിച്ച് പഠന നിലവാരം മെച്ചപ്പെടുത്തണമെന്നുള്ളത് അവരുടെ ആവശ്യമാണ്. പ്ലസ് ടു അദ്ധ്യാപകരുടെ സേവന-വേതന വ്യവസ്ഥകൾ ക്ലിപ്തപ്പെടുത്തണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് ഇന്ന് കേരളാ ഗവൺമെന്റഡ് ആഫീസേഴ്സ് അസോസിയേഷൻ സെക്രട്ടേറിയറ്റിനു മുമ്പിൽ ധർണ്ണ നടത്തുകയാണ്. ഈ മേഖലയിലെ പ്രധാന പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് സർക്കാർ നടപടി സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി (ശ്രീ. പി.ജെ. ജോസഫ്) : സർ, ഹയർ സെക്കണ്ടറിക്കാർക്കായി സ്പെഷ്യൽ റൂൾസ് രൂപീകരിച്ചുവരികയാണ്. സ്പെഷ്യൽ റൂൾസ് നടപ്പിലാക്കുന്നതോടുകൂടി ഹയർ സെക്കണ്ടറി മേഖലയിലെ മിക്ക പ്രശ്നങ്ങൾക്കും പരിഹാരം കാണാൻ കഴിയും. ആകെയുള്ള ഒഴിവുകളിൽ 25 ശതമാനം ഹയർ സെക്കണ്ടറി അദ്ധ്യാപകരെ നിയമിക്കുമ്പോൾ 25 ശതമാനം ഡിപ്പാർട്ടുമെന്റ് അദ്ധ്യാപകരേയും ബാക്കി 50 ശതമാനം നേരിട്ടും നിയമനം നടത്തണമെന്ന് ഗവൺമെന്റ് തീരുമാനിക്കുകയുണ്ടായി. ഇതിനെതിരെ ഹൈക്കോടതിയിൽ ഏതാനും അദ്ധ്യാപകർ ഫയൽ ചെയ്ത കേസ്സിൽ കോടതി ഗവൺമെന്റിന് അനുകൂലമായി വിധി പ്രസ്താവിക്കുകയുണ്ടായി. ഇതിനെതിരെ സുപ്രീംകോടതിയിൽ കേസ്സ് ഫയൽ ചെയ്തിരിക്കുകയാണ്. ആ കേസ്സിൽ തീരുമാനമായിട്ടില്ല. കോടതിയുടെ തീരുമാനമാകുന്നതുവരെ അദ്ധ്യാപകരെ നിയമിക്കാൻ സാധിക്കുകയില്ല. കോടതി തുറക്കുന്ന ദിവസം തന്നെ ഈ കേസ്സ് കോടതി മുമ്പാകെ വരുമെന്നാണ് മനസ്സിലാക്കുന്നത്. കോടതി വിധി വന്നശേഷം മാത്രമേ സ്പെഷ്യൽ റൂൾസിന് അവസാന രൂപം നൽകാൻ കഴിയുകയുള്ളൂ. അദ്ധ്യാപകരെ നേരിട്ടാണോ നിയമിക്കേണ്ടത് അതോ പ്രൊമോഷൻ വഴിയാണോ എന്നുള്ള കാര്യത്തിൽ അവസാന തീരുമാനമായാൽ സ്പെഷ്യൽ റൂൾസിന് അവസാന രൂപം നൽകാൻ കഴിയും. അങ്ങനെ സ്പെഷ്യൽ റൂൾസ് രൂപീകരിക്കുമ്പോൾ അദ്ധ്യാപകരുടെ ഗ്രേഡ് അതുപോലെ സേവന-വേതന വ്യവസ്ഥകൾ തുടങ്ങിയവ ഉൾക്കൊള്ളിച്ചുകൊണ്ട് ശ്രീ. ടി.കെ. ബാലൻ ഉന്നയിച്ച പ്രശ്നങ്ങൾക്ക് പരിഹാരം കാണാൻ കഴിയും.

മി. സ്പീക്കർ : ബഹുമാനപ്പെട്ട മന്ത്രിയുടെ രണ്ട് മൂന്ന് സബ്മിഷൻ മാറ്റിവച്ചത് എടുക്കാമല്ലോ?

ശ്രീ. പി.ജെ. ജോസഫ് : എടുക്കാം.

(7) തൃക്കുന്നപ്പുഴ-വലിയഴീക്കൽ റോഡ് നിർമ്മാണം

പ്രൊഫ. എ.വി. താമരാക്ഷൻ : സർ, ഈ സഭയിൽ മൂന്നാമത്തെ പ്രാവശ്യമാണ് ഈ സബ്മിഷനുമായി ഞാൻ വരുന്നത്. അറേബ്യൻ കടലിനും കായംകുളം കായലിനും ഇടയിൽ കഴിയുന്ന ഏതാണ്ട് പതിനായിരത്തോളം കുടുംബങ്ങൾ അനുഭവിക്കുന്ന ദുഃഖകരമായ സ്ഥിതി ഈ സഭയുടേയും ഗവൺമെന്റിന്റേയും

LIBRARY ARCHIVES Kerala Legislative Assembly